(ബി) ഇതു സംബന്ധിച്ച് ചേർത്തല ഡി.വൈ.എസ്.പി.ക്കും കത്തിയതോട് സർക്കിൾ ഇൻസ്പെക്ടർക്കും ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതും 9-11-2015 തീയതി പരാതിക്കാരേയും സമീപവാസിയേയും കണ്ട് ചോദിച്ചിട്ടുള്ളതും വിവരങ്ങൾ ആരാഞ്ഞിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പരാതിയിലെ എതിർകക്ഷികളായ പോൾസണേയും ടാലിഷിനെയും നേരിൽ കാണുവാൻ സാധിച്ചിട്ടില്ലാത്തതും ടിയാൻമാരുടെ വാസസ്ഥലം പൂട്ടിക്കിടക്കുന്നതായി കാണപ്പെടുകയും ചെയ്തു. ടി പരാതി സംബന്ധിച്ച് ആരെയും തന്നെ അറസ്റ്റ് ചെയ്തിട്ടില്ല.

(സി) പ്രസ്തുത പരാതികളുടെ അന്വേഷണവുമായും തുടർന്നുള്ള സംഭവങ്ങളുമായും ബന്ധപ്പെട്ട് പോലീസിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നുള്ള സമഗ്രമായ അന്വേഷണം നടത്തുന്നതിന് ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**രാജമ്മ സമർപ്പിച്ച പരാതി**

**216 (228)** <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്കിൽ പൊഴിയൂർ മണലിവിള വീട്ടിൽ എസ്. രാജമ്മ, സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ CBCID OCW-1 സൂപ്രണ്ട് ഓഫ് പോലീസ് അന്വേഷണം നടത്തി എ.ഡി.ജി.പി. ക്രൈംസിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര താലൂക്കിൽ പൊഴിയൂർ മണലിവിള വീട്ടിൽ എസ്. രാജമ്മ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ CBCID OCW-1 പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തി എ.ഡി.ജി.പി. ക്രൈംസിന് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ക്രിമിനൽ നടപടി നിയമം 173 (8) വകുപ്പ് പ്രകാരം ഈ കേസിന്റെ പുനരന്വേഷണം നടത്തുന്നതിന് ഉപോദ്ബലകമായ പുതിയ തെളിവുകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പുനരന്വേഷണം നടത്തുന്നത് പ്രായോഗികമല്ല എന്ന വിവരം പരാതിക്കാരിയെ അറിയിച്ചിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly